(സി) ഈ കാലമത്രയും പ്രസ്തുത ഡിസ്പെൻസറി പ്രവർത്തിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രി തുറന്ന് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി യും സി യും) ഡിസ്പെൻസറിക്കുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായെങ്കിലും ജലവിതരണ ജോലികളും പൂർത്തിയായിട്ടില്ല. ഈ ജോലികൂടി പൂർത്തിയായതിനുശേഷം മാത്രമെ ആരോഗ്യവകുപ്പ് കെട്ടിടം ഏറ്റെടുത്ത് ആവശ്യമായ സ്റ്റാഫിനെ നിയമിച്ച് ഡിസ്പെൻസറിയുടെ പ്രവർത്തനം തുടങ്ങുകയുള്ളു. ഇതിനാവശ്യമായ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

വിഴിഞ്ഞം ഫിഷിംഗ് ഹാർബർ

480. [594] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിന് 1986 ആഗസ്റ്റ് മാസം അവസാനംവരെ എത്ര രൂപ ചെലവായിട്ടുണ്ട് ;

(ബി) ഇതിൽ കേന്ദ്ര ഗവൺമെന്റ് ചെലവാക്കിയത് എത്ര; സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയതെത്ര ;

(സി) ഹാർബറിന്റെ നിർമ്മാണം ഇപ്പോഴും മന്ദീഭവിച്ചുകിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഹാർബറിന്റെ നിർമ്മാണം ഇനി എത്ര വർഷത്തിനകം പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6,17,14,049 രൂപ ചെലവായിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് ചെലവാക്കിയത് 2,73,60,000 രൂപയും സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയത് 3,44,14,049 രൂപയുമാണ്.

(സി) ഹാർബറിനുവേണ്ട സ്ഥലത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികളെ പൂർണ്ണമായി ഇതിനകം മാറ്റി പാർപ്പിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് നിർമ്മാണത്തിൽ മാന്ദ്യം ഉണ്ടായിട്ടുള്ളത്.

(ഡി) മൂന്ന് വർഷത്തിനകം പൂർത്തിയാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

മുത്തുച്ചിപ്പി വളർത്തു കേന്ദ്രങ്ങൾ

481. [595] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുത്തുച്ചിപ്പി വളർത്തു കേന്ദ്രങ്ങൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) അവ ഓരോന്നും തുടങ്ങിയതുമുതൽ നാളിതുവരെ ഉണ്ടാക്കിയിട്ടുള്ള ലാഭവും നഷ്ടവും എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1976-ൽ വിഴിഞ്ഞത്ത് ആരംഭിച്ച മുത്തുച്ചിപ്പി വളർത്തൽ കേന്ദ്രം 30-10-1984-ൽ നിറുത്തലാക്കി. ഇവിടെ ഉല്പാദിപ്പിച്ച മുത്തുകളൊന്നും ഇതുവരെ വിറ്റിട്ടില്ല. ഇത് വിപണനം ചെയ്തു കഴിഞ്ഞാലെ യഥാർത്ഥ ലാഭനഷ്ടം നിശ്ചയിക്കാൻ സാധിക്കയുള്ളൂ.

വട്ടപ്പാറ പഞ്ചായത്ത് രൂപീകരണം

482. [596] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വട്ടപ്പാറ വില്ലേജ് രൂപീകരണത്തെ തുടർന്ന് വട്ടപ്പാറ പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) വട്ടപ്പാറ വില്ലേജിനെ മാത്രമായി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. വില്ലേജടിസ്ഥാനത്തിൽ എല്ലാപഞ്ചായത്തുകളും പുനഃസംഘടിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

പഞ്ചായത്തുകളിൽ ടെലിവിഷൻ സ്ഥാപിക്കാൻ നടപടി

483. [597] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്കുവേണ്ടി ഓരോ പഞ്ചായത്തുകളിലും ഓരോ ടെലിവിഷൻ സെറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകളിൽ ഇപ്പോൾ ടെലിവിഷൻ സെറ്റുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഓരോ പഞ്ചായത്തിലും ഓരോ കെൽട്രോൺ ടി. വി. വാങ്ങി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly